# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
## പത്തനംതിട്ട

| ഏപ്രിൽ 12<br>April 12 | 2020 |
|---|---|

1195 മീനം 30 ഞായർ

# പത്രക്കുറിപ്പ് -1

www.prd.kerala.gov.in, diopta1@gmail.com ഫോൺ 0468-2222657

ചാർട്ട് 12-4-20:-

**പത്തനംതിട്ട ജില്ലയിൽ ഇന്ന് (ഏപ്രിൽ 12 ഞായർ) കോവിഡ് 19 സ്ഥിരീകരിച്ച വ്യക്തിയുടെ സഞ്ചാരപഥമാണിത്. ഈ സ്ഥലങ്ങളിൽ സമയങ്ങളിൽ ഉ ായിരുന്നവർ 9188297118, 9188294118 എന്നീ നമ്പറുകളിൽ ബന്ധപ്പെടണമെന്ന് ജില്ലാ കളക്ടർ പി.ബി നൂഹ് അറിയിച്ചു.**

(പിഎൻപി 1687/20)

**"ഫ്രം ഹോം" പദ്ധതിയുമായി വീണാ ജോർജ് എംഎൽഎ;**
**കോവിഡ് വാർഡുകളിൽ ഇനി വീട്ടിൽ നിന്ന് വസ്ത്രങ്ങളെത്തും**

കോവിഡ് 19 സ്ഥിരീകരിച്ച് ആശുപത്രിയിൽ കഴിയുന്നവർക്കും, രോഗലക്ഷണങ്ങളുമായി വാർഡുകളിൽ ഐസലേഷനിൽ കഴിയുന്നവർക്കും ഇനി "വീട്ടിൽനിന്ന്" വസ്ത്രങ്ങളെത്തും. ഇവർക്കുള്ള വസ്ത്രങ്ങൾ തുന്നുന്നതിന് ആറന്മുള മണ്ഡലത്തിൽ "ഫ്രം ഹോം" ശൃംഖല രൂപീകരിച്ചതായി വീണാ ജോർജ് എംഎൽഎ പറഞ്ഞു.

കോവിഡ് രോഗികളും, ആശുപത്രിയിൽ തന്നെ ഐസലേഷനിൽ കഴിയുന്നവരും ഇടുന്ന വസ്ത്രങ്ങൾ ഒരു തവണത്തെ ഉപയോഗത്തിനു ശേഷം പ്രത്യേകമായി സീൽ ചെയ്ത് ബയോമെഡിക്കൽ മാലിന്യത്തിനൊപ്പം ശാസ്ത്രീയമായി സംസ്കരിക്കുകയാണ് ചെയ്യുന്നത്. അതിനാൽ തന്നെ വസ്ത്രങ്ങൾക്കും തോർത്തുകൾക്കും ബെഡ്ഷീറ്റുകൾക്കും ആവശ്യം ഏറെയാണ്.

നിലവിൽ കോവിഡ് ആശുപത്രിയായി മാറ്റിക്കഴിഞ്ഞ പത്തനംതിട്ട ജനറൽ ആശുപത്രിയിലെ ബെഡ് ഷീറ്റ് ഉൾപ്പെടെയുള്ളവയുടെ എണ്ണം പരിമിതമായ സാഹചര്യത്തിലാണ് ഇതിനെക്കുറിച്ച് ചിന്തിച്ചതെന്ന് എംഎൽഎ പറഞ്ഞു. ഷർട്ടുകൾ, സ്ത്രീകളുടെ വസ്ത്രങ്ങൾ, കൈലികൾ എന്നിവയ്ക്കൊപ്പം ബെഡ്ഷീറ്റുകളും തോർത്തുകളും ആവശ്യമാണ്. തുന്നൽ അറിയുന്നവരും വീട്ടിൽ മെഷീൻ ഉള്ളവരുമായ നിരവധി പേർ ഇതിൽ പങ്കാളികളാകാൻ സന്നദ്ധരായി എത്തിയിട്ടുള്ളതായി എംഎൽഎ പറഞ്ഞു. തുണികൾ(അതത് വസ്ത്രത്തിന് ആവശ്യമാം വിധം മുറിച്ച് വേണമെങ്കിൽ അങ്ങനെയും) വീടുകളിൽ എത്തിക്കും. തയ്ച്ച തുണിത്തരങ്ങൾ വീടുകളിൽ നിന്ന് വോളന്റിയേഴ്സ് തന്നെ സ്വീകരിച്ച് ആശുപത്രികളിൽ എത്തിക്കും. നിലവിൽ ജനറൽ ആശുപത്രിയിൽ തുണികൾ കഴുകുന്നതിന് പവർ ലോൺട്രി ഇല്ല. ആശുപത്രിയുടെ ആവശ്യപ്രകാരം എംഎൽഎ ഫ ില്‍നിന്ന് പവർ ലോൺട്രി നൽകുന്നതിന് തീരുമാനിച്ചിട്ടു ്. പവർ ലോൺട്രി സ്ഥാപിക്കുംവരെ, തുന്നുന്ന പുതിയ വസ്ത്രങ്ങൾ കഴുകിയ ശേഷം മാത്രം ആശുപത്രിയിൽ എത്തിക്കുക. രോഗികൾക്കും, ഭാവിയിൽ ആശുപത്രി സ്റ്റാഫിനും ഇതേ രീതിയിൽ ആശുപത്രി വസ്ത്രങ്ങൾ നിർമിക്കുന്നതിനും ഇതേ സംവിധാനത്തിലൂടെ കഴിയുമെന്നും വീണാ ജോർജ് എംഎൽഎ പറഞ്ഞു.

(പിഎൻപി 1688/20)

## മറ്റു രാജ്യങ്ങളിൽനിന്നും സംസ്ഥാനങ്ങളിൽ നിന്നും എത്തുന്നവർക്ക് നിരീക്ഷണത്തിൽ കഴിയാൻ സൗകര്യം ഒരുക്കുക ലക്ഷ്യം: ജില്ലാ കളക്ടർ

### 60 വയസിന് മുകളിലുള്ളവർ വീടുകളിൽതന്നെ കഴിയേ ത് പ്രധാനം

ഏപ്രിൽ 14 ന് ലോക്ക് ഡൗൺ എങ്ങനെ റിലാക്സ് ചെയ്യുന്നത് എന്നതനുസരിച്ച് മറ്റു രാജ്യങ്ങളിൽ നിന്നും സംസ്ഥാനങ്ങളിൽ നിന്നും വരുന്ന ആളുകളെ കൊറോണ പ്രതിരോധത്തിന്റെ ഭാഗമായി രോഗ വ്യാപനം തടയാൻ നിരീക്ഷണത്തിലാക്കാൻ ആവശ്യമായ ക്രമീകരണങ്ങൾ തയ്യാറാക്കിവരുന്നതായി ജില്ലാ കളക്ടർ പി.ബി നൂഹ് പറഞ്ഞു. നിലവിൽ ഇത്തരത്തിൽ എത്തുന്നവരെ നിരീക്ഷണത്തിൽ പാർപ്പിക്കാൻ 8000 മുറികൾ ക ത്തിയിട്ടു ്. ജില്ലയിൽ മൊത്തം ജനസംഖ്യയിൽ 2,44,000 പേർ മുതിർന്ന പൗരൻമാരാണ്. 60 വയസിന് മുകളിലുള്ളവരെ വിവിധ പ്രായപരിധിയുടെ അടിസ്ഥാനത്തിലും മറ്റു രോഗങ്ങളുടെ അടിസ്ഥാനത്തിലും പ്രത്യേകം തരംതിരിച്ച് അവർക്ക് വീടുകളിൽ തന്നെ ഭക്ഷണവും മരുന്നുകളും എത്തിക്കുന്നതും ലക്ഷ്യമിടുന്നു. 60 വയസിന് മുകളിലുള്ളവർ പൂർണമായും വീടുകളിൽതന്നെ തുടരുകയും ശാരീരിക അകലം പാലിക്കുന്നതും ഉറപ്പുവരുത്തണം. ഇവർക്ക് ഓൺലൈൻ കൺസൾട്ടേഷനും ഓൺലൈൻ കൗൺസിലിംഗും ആവശ്യമാണ്. ഇവർ വീടുകളിൽ കുട്ടികളെ എടുക്കുക, മറ്റുള്ളവരോട് അടുത്ത് ഇടപെടുക തുടങ്ങിയ പ്രവർത്തികളിൽ നിന്ന് മാറിനിൽക്കണം. 60 വയസിന് മുകളിലുള്ളവർക്ക് കോൾ സെന്റർ വഴി പ്രത്യേക സംവിധാനങ്ങൾ ഏർപ്പെടുത്താൻ നാലോ അഞ്ചോ ദിവസങ്ങൾക്കുള്ളിൽ ക്രമീകരണങ്ങൾ ഏർപ്പെടുത്താനാണ് ലക്ഷ്യമിടുന്നതെന്നും ജില്ലാ കളക്ടർ പറഞ്ഞു.

(പിഎൻപി 1689/20)

## ജില്ലയിൽ എത്തുന്നവർ നിർബന്ധമായി റിപ്പോർട്ട് ചെയ്യണം: ഡിഎംഒ

മറ്റു സംസ്ഥാനങ്ങളിൽ നിന്നോ രാജ്യങ്ങളിൽ നിന്നോ പത്തനംതിട്ട ജില്ലയിൽ വരുന്നവർ എത്തിയാൽ ഉടൻതന്നെ അടുത്തുള്ള സർക്കാർ ആരോഗ്യകേന്ദ്രത്തിലോ, പത്തനംതിട്ട ജില്ലാ

മെഡിക്കൽ ഓഫീസിലോ വിവരം അറിയിക്കുകയും ആരോഗ്യവകുപ്പിന്റെ നിർദേശം അനുസരിച്ച് സമ്പർക്ക വിലക്കിൽ ഇരിക്കണമെന്നും ജില്ലാ മെഡിക്കൽ ഓഫീസർ(ആരോഗ്യം) ഡോ.എ.എൽ ഷീജ അറിയിച്ചു. ജില്ലാ മെഡിക്കൽ ഓഫീസിലെ കോവിഡ് കൺട്രോൾ യൂണിറ്റിൽ റിപ്പോർട്ട് ചെയ്യുന്നതിനായി 0468-2228220, 9205284484 എന്നീ നമ്പരുകളിൽ വിളിക്കാം. ഈ സൗകര്യം 24 മണിക്കൂറും ലഭ്യമാണ്.

ജില്ലയ്ക്ക് പുറത്തു നിന്ന് എത്തുന്നവർ യഥാസമയം ആരോഗ്യകേന്ദ്രത്തിൽ വിവരം അറിയിച്ചില്ലെങ്കിൽ നിയമ നടപടി സ്വീകരിക്കുമെന്ന് ഡിഎംഒ അറിയിച്ചു. സംസ്ഥാനത്തിനു പുറത്തുനിന്ന് ജില്ലയിലെത്തുന്ന ആളുകളെ സംബന്ധിച്ച വിവരങ്ങൾ പൊതുജനങ്ങൾക്കും മേൽപറഞ്ഞ നമ്പരുകളിൽ അറിയിക്കാം.

(പിഎൻപി 1690/20)

## ലോക്ക്ഡൗൺ 257 കേസ്, 273 അറസ്റ്റ്

ഇന്നലെ (11/04/2020) ഉച്ചമുതൽ ഇന്ന് (12/04/2020) ഉച്ചയ്ക്ക് ര ുവരെ ജില്ലയിൽ റിപ്പോർട്ട് ചെയ്തത് 257 കേസുകൾ. 273 പേർ പിടിയിലാകുകയും 216 വാഹനങ്ങൾ പിടിച്ചെടുക്കുകയും ചെയ്തു. വാറ്റ് ചാരായവും കോടയും വാറ്റുപകരണങ്ങളും പിടികൂടിയതിനും വീട്ടിൽ ക്വാറൻ്റൈനിൽ കഴിഞ്ഞുവന്നയാൾ വിലക്ക് ലംഘിച്ചതിനും എടുത്ത കേസുകൾ ഉൾപ്പെടെയാണിത്. അതേസമയം ലോക്ക് ഡൗൺ പ്രഖ്യാപിച്ചതിനുശേഷം വിലക്കുകൾ ലംഘിച്ചതിന് ജില്ലയിൽ ശനിയാഴ്ച(11) ആണ് ഏറ്റവുമധികം കേസുകൾ രജിസ്റ്റർ ചെയ്തത്. ആകെ 401 കേസുകളാണ് ശനിയാഴ്ച മാത്രം റിപ്പോർട്ട് ചെയ്തതെന്ന് ജില്ലാ പോലീസ് മേധാവി കെ.ജി സൈമൺ അറിയിച്ചു.

നിബന്ധനകൾ പാലിക്കാതെ കടകൾ പ്രവർത്തിപ്പിക്കുന്നതിനും ആളുകൾ അനാവശ്യമായി നിരത്തുകളിൽ കൂട്ടം കൂടുന്നതിനും രജിസ്റ്റർ ചെയ്യുന്ന കേസുകൾക്ക് കുറവില്ല. ലംഘനങ്ങൾ തടഞ്ഞ് നിയമനടപടികൾ കൈക്കൊള്ളുന്നത് കർശനമായി തുടരുമെന്നും ജില്ലാ പോലീസ് മേധാവി ആവർത്തിച്ചു. ചാരായം വാറ്റിയതിന് അടൂർ ഏഴംകുളം, തേപ്പുപാറയിൽ നിന്നും ര ു പേരെ അടൂർ പോലീസ് അറസ്റ്റ് ചെയ്തു.

ആറു ലിറ്റർ ചാരായവും 5 ലിറ്റർ കോടയും വാറ്റുപകരണങ്ങളും പിടിച്ചെടുത്തു. ഏഴംകുളം തേപ്പുപാറ പത്മവിലാസം വീട്ടിൽ ഗിരീഷ് കുറുപ്പ്, തേപ്പ്പാറ എഴുമണ്ണിൽ റോയി വർഗീസ് എന്നിവരെയാണ് അടൂർ എസ്.ഐ ശ്രീജിത്ത് അറസ്റ്റ് ചെയ്തത്. എ.എസ്.ഐ ബിജു, എസ്.സി.പി.ഓ സനൽ എന്നിവർ ചേർന്നാണ് പ്രതികളെ പിടികൂടിയത്. ഗിരീഷിന്റെ അടുക്കളയിൽ സൂക്ഷിച്ചനിലയിലായിരുന്നു ചാരായവും കോടയും വാറ്റുപകരണങ്ങളും.

ബന്ധപ്പെട്ട വകുപ്പുകൾക്ക് പുറമേ പകർച്ചവ്യാധി തടയൽ നിയമത്തിലെ നിർദ്ദിഷ്ട വകുപ്പുകളും കൂട്ടിച്ചേർത്താണ് കേസെടുത്തിട്ടുള്ളത്. വ്യാജചാരായ നിർമ്മാണവും അനധികൃത വിദേശമദ്യ വില്പന യും എന്തുവിലകൊടുത്തും തടയുമെന്നും പരിശോധനകളും റെയ്ഡും ശക്തമായി തുടരുമെന്നും ജില്ലാ പോലീസ് മേധാവി അറിയിച്ചു. ക്വാറൻ്റൈൻ ലംഘിച്ചതിന് തണ്ണിത്തോട് പോലീസ് ഒരു കേസ് രജിസ്റ്റർ ചെയ്തു.

(പിഎൻപി 1691/20)

## കാൻസർ രോഗിക്ക് മരുന്നെത്തിച്ചു നൽകി ജില്ലാ യുവജന കേന്ദ്രം

സംസ്ഥാന യുവജനക്ഷേമ ബോർഡ് ജില്ലാ യുവജനകേന്ദ്രത്തിന്റെ നേതൃത്വത്തിൽ കാൻസർ രോഗിയായ തിരുവല്ല മഞ്ഞാടി കാഞ്ഞിരത്തറ വീട്ടിൽ വത്സല മോഹനു മരുന്നെത്തിച്ചു. വത്സല മോഹൻ മരുന്നില്ലാതെ അഞ്ച് ദിവസമായി വിഷമിക്കുകയാണ് എന്ന

വിവരം മാത്യു ടി തോമസ് എംഎൽഎയാണ് ജില്ലാ യുവജനകേന്ദ്രത്തിന്റെ ശ്രദ്ധയിൽപെടുത്തിയത്. യൂത്ത് പ്രോഗ്രാം ഓഫീസർ ആർ.ശ്രീലേഖ, ജില്ലാ കോ-ഓർഡിനേറ്റർ ആർ.ജയൻ എന്നിവരുടെ നേതൃത്വത്തിൽ തിരുവനന്തപുരം ആർസിസിയിൽ നിന്ന് എത്തിച്ച മരുന്ന് കുന്നന്താനം പഞ്ചായത്ത് യൂത്ത് കോ-ഓർഡിനേറ്റർ രതീഷ് വത്സല മോഹന്റെ വീട്ടിൽ എത്തിച്ചു നൽകി.

***ഫോട്ടോ അടിക്കുറിപ്:- യൂത്ത് ഓഫീസർ-*** ജില്ലാ യുവജന കേന്ദ്രത്തിന്റെ നേതൃത്വത്തിൽ അഞ്ച് ദിവസമായി മരുന്നില്ലാതെ വിഷമിച്ച വത്സല മോഹന് മരുന്നെത്തിച്ച് നൽകിയപ്പോൾ.

(പിഎൻപി 1692/20)

## ഈസ്റ്ററിന് ഫ്രൈഡ് റൈസും ചിക്കനും പൊതിയാക്കി കടമ്പനാട് കമ്യൂണിറ്റി കിച്ചൺ

കോവിഡിൽ ഇക്കൊല്ലത്തെ ഈസ്റ്റർ ആഘോഷങ്ങൾ മുടങ്ങിപ്പോയെങ്കിലും മതസൗഹാർദം ഊട്ടിയുറപ്പിച്ച് കടമ്പനാട് ഗ്രാമപഞ്ചായത്ത് കമ്യൂണിറ്റി കിച്ചൺ. ഇവിടെ നിന്നും 517 പേർക്ക് ഫ്രൈഡ് റൈസും ചിക്കനും പൊതിയായി നൽകി. ജില്ലയിൽ ഏറ്റവും കൂടുതൽ ഭക്ഷണപ്പൊതി നൽകുന്ന കമ്യൂണിറ്റി കിച്ചണിലൊന്നാണ് അടൂർ മണ്ഡലത്തിലെ കടമ്പനാട് ഗ്രാമപഞ്ചായത്ത്. ചിറ്റയം ഗോപകുമാർ എംഎൽഎ, പഞ്ചായത്ത് പ്രസിഡന്റ് എ.ആർ അജീഷ് കുമാർ എന്നിവരുടെ നേതൃത്വത്തിൽ ഈസ്റ്റർ ദിനത്തിൽ കമ്യൂണിറ്റി കിച്ചണിലെ ഭക്ഷണം പൊതികളിലാക്കി അവശ്യക്കാർക്ക് എത്തിച്ചുനൽകി.

***ഫോട്ടോ അടിക്കുറിപ്:- ചിറ്റയം-*** ഈസ്റ്റർ ദിനത്തിൽ ചിറ്റയം ഗോപകുമാർ എം.എൽ.എയുടെ നേതൃത്വത്തിൽ കടമ്പനാട് ഗ്രാമപഞ്ചായത്തിന്റെ കമ്യൂണിറ്റി കിച്ചണിൽ ഭക്ഷണപ്പൊതി തയാറാക്കുന്നു.

(പിഎൻപി 1693/20)

## ലോക്ക്ഡൗൺ: വാഹനങ്ങൾ തിരിച്ചുനൽകാൻ നിർദേശം

ലോക്ക്ഡൗൺ ലംഘനവുമായി ബന്ധപ്പെട്ടു പിടിച്ചെടുത്ത വാഹനങ്ങൾ താൽക്കാലികമായി വിട്ടുനൽകാൻ സംസ്ഥാന പോലീസ് മേധാവി ലോക്നാഥ് ബെഹ്റ എല്ലാ ജില്ലാ പോലീസ് മേധാവിമാർക്കും നിർദേശം നൽകി. ആവശ്യപ്പെടുമ്പോൾ വാഹനം ഹാജരാക്കാമെന്ന് എഴുതി വാങ്ങിയശേഷമാകും അവ വിട്ടുനൽകുക. ആദ്യം പിടിച്ചെടുത്ത വാഹനങ്ങൾ ആദ്യം എന്ന ക്രമത്തിലായിരിക്കും മടക്കി നൽകുന്നത്.

വാഹന ഉടമകളിൽ നിന്ന് പിഴ ഈടാക്കുന്നത് സംബന്ധിച്ച് അഡ്വക്കേറ്റ് ജനറലിൽ നിന്ന് നിയമോപദേശം ലഭിച്ചശേഷം തീരുമാനമെടുക്കുമെന്ന് സംസ്ഥാന പോലീസ് മേധാവി അറിയിച്ചു. സാമൂഹിക അകലം ഉൾപ്പെടെയുള്ള മാർഗനിർദ്ദേശങ്ങൾ പാലിച്ചായിരിക്കും വാഹനങ്ങൾ വിട്ടുനൽകുക.

(പിഎൻപി 1694/20)

## പ്രതിരോധ പ്രവർത്തനങ്ങളിൽ റവന്യൂ ഉദ്യോഗസ്ഥരുടെ പ്രവർത്തനം പ്രശംസനീയം : ജില്ലാ കളക്ടർ

അതിഥി സംസ്ഥാന തൊഴിലാളികൾ ഉൾപ്പെടെയുള്ളവരുടെ പ്രശ്നങ്ങളിൽ ഇടപെട്ട് കാര്യക്ഷമമായ പ്രവർത്തനങ്ങളാണ് തഹസിദാർമാരുടെ നേതൃത്വത്തിൽ നടത്തിവരുന്നതെന്നു

ജില്ലാ കളക്ടർ പി.ബി നൂഹ് പറഞ്ഞു. ജില്ലാ കളക്ടറുടെ ചേംബറിൽ നടന്ന ഉദ്യോഗസ്ഥതല മീറ്റിംഗിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

ജില്ലയിലെ അതിഥി സംസ്ഥാന തൊഴിലാളികളുടെ മുഴുവൻ വിവരങ്ങളും ചുരുങ്ങിയ സമയത്തിനുള്ളിൽ തയ്യാറാക്കുന്നതിൽ തഹസിദാർമാരുടെ നേതൃത്വത്തിൽ വില്ലേജ് ഓഫീസർമാരുടെ പങ്കാളിത്തത്തോടെ നടത്തിയ പ്രവർത്തനങ്ങൾ എടുത്തുപറയേ താണ്. ജില്ലയിൽ ലേബർ ഡിപ്പാർട്ട്മെന്റിന് പരിമിതമായ ഉദ്യോഗസ്ഥരെയുള്ളൂ. അതുകൊ ാണ് റവന്യു സംവിധാനം ഇതിനായി പ്രയോജനപ്പെടുത്തിയത്. ജില്ലയിലെ 16,066 അതിഥി സംസ്ഥാന തൊഴിലാളികളുടെ കണക്ക് സമയബന്ധിതമായി വില്ലേജ് ഓഫീസർമാരുടെ നേതൃത്വത്തിൽ തയ്യാറാക്കി. അതിഥി സംസ്ഥാന തൊഴിലാളികൾക്കു പരാതിയില്ലാതെ ഭക്ഷണമെത്തിക്കുന്നതടക്കമുള്ള കാര്യങ്ങളിൽ ശ്രദ്ധേയമായ പ്രവർത്തനമാണു കാഴ്ചവച്ചത്. കേന്ദ്ര സർക്കാരിന്റെ നിർദേശപ്രകാരം ലേബർ വകുപ്പ് വഴി അതിഥി സംസ്ഥാന തൊഴിലാളികളുടെ ബാങ്ക് അക്കൗ ് നമ്പരും വിശദാംശങ്ങളും തയ്യാറാക്കുന്നതിലും തഹസിദാർമാരുടെ നേതൃത്വത്തിൽ വില്ലേജ് ഓഫീസർമാരുടെ പങ്കാളിത്തത്തോടെ നടത്തുന്ന വിവരശേഖരണവും പൂർത്തിയായി വരുന്നതായി ജില്ലാ കളക്ടർ പറഞ്ഞു.

(പിഎൻപി 1695/20)




.






PATIENT FLOW CHART-COVID 19 - PATHANAMTHITTA
PATIENT CODE : CLUSTER P 10
DUBAI
Aster Clinic
Date:18/03/2020
19/03/2020
DUBAI
Residence
Alkoos Villa
(Community Villa)
Bowling Centre
Flight No: AI 968
(Air India)
Sharja International Airport
Date: 22/03/2020
Time: 02:05 am (GST)
Arrival
Trivandrum
International Airport
22/03/2020
Flight was delayed
Chittar Police Station
Date: 22/03/2020
Time: 03:00 pm
Home Quarantine
Since 22/03/2020
Chittar
Admitted To Hospital
Date : 11/04/2020
**These are the preliminary observations, further details will be updated later
പത്തനംതിട്ട ജില്ലയിൽ കോവിഡ് 19 സ്ഥിരീകരിച്ച രോഗി സഞ്ചരിച്ച സ്ഥലങ്ങളുടെ വിവരങ്ങളാണിത്
ഈ സ്ഥലങ്ങളിൽ ഈ തീയതികളിൽ പ്രസ്തുത സമയത്ത് ഉണ്ടായിരുന്നവർ ദയവായി
9188297118, 9188294118 ഈ നമ്പരുകളിൽ ബന്ധപ്പെടുക
ജില്ലാ ഭരണകൂടം പത്തനംതിട്ട

# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
## പത്തനംതിട്ട

| | |
|---|---|
| ഏപ്രിൽ 12<br>April 12 | 2020 |

**1195 മീനം 30 ഞായർ**

# പത്രക്കുറിപ്പ് -2

www.prd.kerala.gov.in, diopta1@gmail.com ഫോൺ 0468-2222657

**ഫയർ ഫോഴ്സ് സേവനങ്ങളിൽ പങ്കാളിയായി വീണാ ജോർജ് എംഎൽഎ**

പത്തനംതിട്ട ജില്ലയിൽ കൊറോണ പ്രതിരോധവുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന ജീവനക്കാർക്ക് ശീതളപാനീയങ്ങൾ നൽകി വീണാ ജോർജ് എംഎൽഎ. പത്തനംതിട്ട അഗ്നിരക്ഷാ വകുപ്പ്, ബ്ലഡ് ഡോണേഴ്സ് കേരള പത്തനംതിട്ട യൂണിറ്റ്, സിവിൽ ഡിഫൻസ് വോള ിയർമാർ എന്നിവർ ചേർന്ന് ജീവനക്കാർക്കായി ശീതള പാനീയങ്ങൾ വിതരണം ചെയ്യുന്ന പരിപാടിയിൽ പങ്കാളിയാവുകയായിരുന്നു എംഎൽഎ. കൊറോണ പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി അണുനശീകരണം, മരുന്ന് വിതരണം എന്നിങ്ങനെ വിവിധ തരത്തിൽ ഉള്ള സേവനങ്ങൾക്കിടയിലും ദാഹജലം വിതരണം ചെയ്യുന്നത് മഹത്തായ സേവനം ആണെന്നും ഫയർ ഫോഴ്സിന്റെ എല്ലാവിധ പ്രവർത്തനങ്ങൾക്കും പിന്തുണ ഉ ാകുമെന്നും വീണാ ജോർജ് എംഎൽഎ പറഞ്ഞു.

മാർച്ച് 27 മുതൽ ആരംഭിച്ച ശീതളപാനീയ വിതരണത്തിൽ പല ദിവസങ്ങളിലായി മിക ്സഡ് ഫ്രഷ് ജ്യൂസ്, ഫ്രഷ് മാംഗോ ജ്യൂസ്, സംഭാരം, ഫ്രഷ് ബനാനാ ലസി, തണ്ണിമത്തൻ ജ്യൂസ് എന്നിവ നൽകുന്നു ്. ഡോക്ടർമാർ ഉൾപ്പെടെ ആരോഗ്യപ്രവർത്തകർ, നഗരത്തിലെ പോലീസ് ഉദ്യോഗസ്ഥർ, ജില്ലാ പോലീസ് മേധാവിയുടെ കാര്യാലയത്തിൽ ജോലി ചെയ്യുന്ന ജീവനക്കാർ, കളക്ട്രേറ്റിൽ ദുരന്ത നിവാരണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് ജോലി ചെയ്യുന്ന റവന്യൂ ജീവനക്കാർ, കമ്മ്യൂണിറ്റി കിച്ചണിലെ തദ്ദേശസ്വയംഭരണ സ്ഥാപന ഉദ്യോഗസ്ഥർ, ജനപ്രതിനിധികൾ, വോളന്റിയർമാർ എന്നിവർക്കാണ് ശീതള പാനീയം വിതരണം ചെയ്യുന്നത്. (പിഎൻപി 1696/20)

**ഫോട്ടോ അടിക്കുറിപ്പ്**

കോവിഡ് 19 പ്രതിരോധ പ്രവര്‍ത്തനങ്ങളുമായി ബന്ധപ്പെട്ട് പ്രവര്‍ത്തിക്കുന്ന ഉദ്യോഗസ്ഥര്‍ക്കും വോള ിയര്‍മാര്‍ക്കുമായി ശീതള പാനീയ വിതരണം നടത്തുന്ന അഗ്നിരക്ഷാ വകുപ്പിലെ ഉദ്യോഗസ്ഥര്‍ക്കൊപ്പം വീണാ ജോര്‍ജ് എംഎല്‍എ.


വാര്‍ത്തകള്‍
ഇനി കാണാം...
കേള്‍ക്കാം...
വായിക്കാം...
PRD LIVE
PRD LIVE
ഒരു മൊബൈല്‍ ആപ്ലിക്കേഷനാണ്.
ആന്‍ഡ്രോയിഡ് വേര്‍ഷനിലുള്ള
എല്ലാ സ്മാര്‍ട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറില്‍ നിന്നും PRD LIVE
ഡൗണ്‍ലോഡ് ചെയ്യാം.


.

**പത്തനംതിട്ട ജില്ല**
**കോവിഡ് 19 കൺട്രോൾ സെൽ ബുള്ളറ്റിൻ**
**തീയതി. 12.04.2020**

..............................................................................................

പത്തനംതിട്ട ജില്ലയിൽ ഇന്ന് (12) പുതിയ ഒരു കേസ് ക   ത്തി. പ്രോഗ്രാം ഓഫീസർമാരുടെയും മാനേജ്മെന്റ് ടീം ലീഡർമാരുടെയും പ്ലാനിംഗ് മീറ്റിംഗ്, ജില്ലാ മെഡിക്കൽ ഓഫീസറുടെ ചേമ്പറിൽ കൂടി. ഇന്നത്തെ(12) സർവൈലൻസ് ആക്ടിവിറ്റികൾ വഴി പുതിയ പ്രൈമറി, സെക്കൻഡറി കോൺടാക്ടുകളെ ആരെയും ക   ത്തിയിട്ടില്ല.

ജനറൽ ആശുപത്രി പത്തനംതിട്ടയിൽ എട്ടു പേരും, ജില്ലാ ആശുപത്രി കോഴഞ്ചേരിയിൽ ആറു പേരും ജനറൽ ആശുപത്രി അടൂരിൽ ര   ു പേരും നിലവിൽ ഐസൊലേഷനിൽ ഉ   ്.

സ്വകാര്യ ആശുപത്രികളിൽ നിലവിൽ ആരും ഐസൊലേഷനിൽ ഇല്ല.

ആകെ 16 പേർ വിവിധ ആശുപത്രികളിൽ നിരീക്ഷണത്തിൽ ഉ   ്.

ഇന്ന് (12) പുതിയതായി ര   ു പേരെ ഐസൊലേഷനിൽ പ്രവേശിപ്പിച്ചു.

കഴിഞ്ഞ ന്യൂസ് ബുള്ളറ്റിനുശേഷം ആശുപത്രി ഐസൊലേഷനിൽ ഉ   ായിരുന്ന ആരെയും ഡിസ്ചാർജ് ചെയ്തിട്ടില്ല. ഇതുവരെ രോഗബാധ പൂർണമായും ഭേദമായ ഏഴു പേർ ഉൾപ്പെടെ ആകെ 132 പേരെ ഡിസ്ചാർജ് ചെയ്തിട്ടു   ്.

വീടുകളിൽ 103 പ്രൈമറി കോൺടാക്ടുകളും 125 സെക്കൻഡറി കോൺടാക്ടുകളും നിരീക്ഷണത്തിൽ ആണ്. നിലവിൽ വിദേശത്തു നിന്നും തിരിച്ചെത്തിയ 1416 പേരും മറ്റ് സംസ്ഥാനങ്ങളിൽ നിന്നും തിരിച്ചെത്തിയ 4583 പേരും വീടുകളിൽ നിരീക്ഷണത്തിലാണ്. വിദേശത്ത് നിന്നും തിരിച്ചെത്തിയ 230 പേരെ നിരീക്ഷണ കാലം പൂർത്തിയായതിനാൽ ക്വാറന്റൈനിൽ നിന്ന് വിടുതൽ ചെയ്തു. ആകെ 6247 പേർ വീടുകളിൽ നിരീക്ഷണത്തിലാണ്

ജില്ലയിൽ നിന്ന് ഇന്ന്(12) അയച്ച 64 സാമ്പിളുകൾ ഉൾപ്പെടെ ഇതുവരെ ആകെ 2308 സാമ്പിളുകൾ പരിശോധനയ്ക്കായി അയച്ചിട്ടു   ്. ഇന്ന് (12) 97 സാമ്പിളുകളുടെ ഫലം നെഗറ്റീവായി വന്നിട്ടു   ്. ജില്ലയിൽ ഇന്നു(12)വരെ അയച്ച സാമ്പിളുകളിൽ 17

എണ്ണം പൊസിറ്റീവായും 1658 എണ്ണം നെഗറ്റീവായും റിപ്പോർട്ട് ലഭിച്ചിട്ടു ്. 520 സാമ്പിളുകളുടെ ഫലം ലഭിക്കാനു ്. ജില്ലയുടെ അതിരുകളിൽ 14 സ്ഥലങ്ങളിലായി 140 ടീമുകൾ ഇന്ന് (12) ആകെ 4436 യാത്രികരെ സ്ക്രീൻ ചെയ്തതിൽ രോഗലക്ഷണങ്ങൾ ഉള്ള ആരെയും കെ ത്തിയിട്ടില്ല. ആകെ 3980 പേർക്ക് ബോധവത്ക്കരണം നൽകി.

ജില്ലാ മെഡിക്കൽ ഓഫീസറുടെ കൺട്രോൾ റൂമിൽ 47 കോളുകളും, ദുരന്തനിവാരണ വിഭാഗത്തിന്റെ കൺട്രോൾ റൂമിൽ 95 കോളുകളും ലഭിച്ചു. മൈഗ്രന്റ് കോൾ സെന്ററിലേക്ക് ഇന്ന്(12) 22 കോളുകൾ ലഭിച്ചു. മൈഗ്രന്റ് കോൾ സെന്ററിൽ ലഭിച്ച വിവരം അനുസരിച്ച് ര ു പേരെ ഹോം ഐസൊലേഷനിൽ പ്രവേശിപ്പിക്കുകയും, സ്രവം എടുക്കുന്നതിനായി ജില്ലാ ആശുപത്രി കോഴഞ്ചേരിയിലേക്ക് റഫർ ചെയ്യുകയും ചെയ്തു.

ക്വാറന്റൈനിലുള്ള ആളുകൾക്ക് നൽകുന്ന സൈക്കോളജിക്കൽ സപ്പോർട്ടിന്റെ ഭാഗമായി ഇന്ന് (12) 235 കോളുകൾ നടത്തുകയും അഞ്ചു പേർക്ക് കൗൺസലിംഗ് നൽകുകയും ചെയ്തു. ഇന്ന് (12) ഗൃഹസന്ദർശന പരിപാടിയിൽ പങ്കെടുത്ത വോളന്റിയർമാർ ആകെ 5022 വീടുകൾ സന്ദർശിച്ചു. ഇന്റഗ്രേറ്റഡ് വോയിസ് റസ്പോൺസ് സിസ്റ്റത്തിൽ ഇന്ന് (12)28 കോളുകൾ ലഭിച്ചു (ഫോൺ നമ്പർ 9205284484) ഇവയിൽ 24 കോളുകൾ കൺട്രോൾ റൂമുമായും, നാലു കോളുകൾ മെഡിക്കൽ/ നോൺമെഡിക്കൽ ആവശ്യങ്ങളുമായി ബന്ധപ്പെട്ടതുമായിരുന്നു. കൂടാതെ കോൾ സെന്ററിൽ നിന്ന് ക്വാറന്റൈനിൽ ഉള്ളവരുമായി ബന്ധപ്പെടുന്നതിന് 377 കോളുകൾ നടത്തി.

അതിഥി സംസ്ഥാന തൊഴിലാളികൾക്കായി പ്രത്യേക ഇന്റഗ്രേറ്റഡ് വോയിസ് റസ്പോൺസ് സിസ്റ്റം ആരംഭിച്ചു. 9015978979 എന്ന ഫോൺ നമ്പറിൽ ബന്ധപ്പെട്ട് ഹിന്ദി, ബംഗാളി, തമിഴ്, ഭാഷകളിൽ വിവരങ്ങൾ ആരായാം. സിസ്റ്റത്തിൽ ഇന്ന് (12) അഞ്ച് കോളുകൾ ലഭിച്ചു.(ഹിന്ദി - മൂന്ന്, ബംഗാളി - ര ്). ജില്ലാ കളക്ടർ പി.ബി. നൂഹിന്റെ നേതൃത്വത്തിലുള്ള ദൈനംദിന അവലോകനയോഗം വൈകുന്നേരം 4.30 ന് ജില്ലാ കളക്ടറുടെ ചേമ്പറിൽ നടന്നു.